**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3889** **06-08-2021 - ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന കനാൽ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന കനാൽ ഭൂമി മുഴുവനായും അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജലസേചന വകുപ്പിന്റെ കീഴിൽ ഇതിന് സംവിധാനങ്ങളുണ്ടോ; എങ്കിൽ ഇതിനായി ഏത് മാർഗ്ഗമാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ; | (എ) | ജലസേചന വകുപ്പിന് കീഴിലുള്ള കനാൽ ഭൂമി മുഴുവനായി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഭൂമി ലാന്റ് അക്വിസിഷൻ നടന്ന ഘട്ടത്തിൽ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. പിന്നീട് കനാലിനായി അക്വയർ ചെയ്ത ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. 1960-70 കാലഘട്ടത്തിൽ അക്വയർ ചെയ്ത കുറ്റ്യാടി ജലസേചന പദ്ധതിയിലും അക്വയർ ചെയ്ത കാലയളവിൽ അതിർത്തി തിരിച്ച് കല്ലിട്ടിട്ടുള്ളതാണ്. പഴശ്ശി ജലസേചന പദ്ധതിയുടെ കനാലുകൾ അളന്ന് തിട്ടപ്പെടുത്തി സർവ്വേകല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഡിവിഷനു കീഴിൽ വരുന്ന കല്ലടിക്കോട് സബ് ഡിവിഷൻ കാര്യാലയത്തിന് കീഴിലേയും കാഞ്ഞിരപ്പുഴ സബ് ഡിവിഷൻ നം-3 കാര്യാലയത്തിന് കീഴിലേയും മുഴുവൻ കനാൽ ഭൂമിയും അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. കനാൽ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ ജലസേചന വകുപ്പിന്റെ കീഴിൽ നിലവിൽ സംവിധാനങ്ങളൊന്നുമില്ല. ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തഹസിൽദാർക്കും താലൂക്ക് സർവ്വേയർക്കും അപേക്ഷ നൽകിയാണ് അതിർത്തി നിർണ്ണയിക്കുന്നത്. |
| (ബി) | കനാൽ ഭൂമി കൈയ്യേറ്റം സംബന്ധിച്ച പരാതിയിൽ കുറ്റാരോപിതർ ജോലി ചെയ്യുന്ന കാലയളവിന് മുൻപാണ് കൈയ്യേറ്റം നടന്നതെങ്കിൽ, നിലവിൽ കുറ്റാരോപിതരായവരുടെ പ്രമോഷനും മറ്റ് ആനുകൂല്യങ്ങളും തടഞ്ഞ വെച്ച കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | കനാൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് വകുപ്പുതല നടപടികൾക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (VACB) ശുപാർശ ചെയ്ത 6 പേരുടെ പേരിലാണ് അന്വേഷണം നടക്കുന്നത്. രണ്ടുപേർ റിട്ടയർ ചെയ്തു. നാല് ഉദ്യോഗസ്ഥരെ മറ്റ് ഓഫീസുകളിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. അച്ചടക്കനടപടികൾ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ സാധിക്കുകയുള്ളൂ. |
| (സി) | നിലവിൽ കനാൽ ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് | (സി) | കനാൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് വകുപ്പുതല |

| | | | |
|---|---|---|---|
| | കുറ്റാരോപിതരായ എത്ര പേരുടെ പ്രമോഷനും ആനുകൂല്യങ്ങളുമാണ് തടഞ്ഞ് വെച്ചിരിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | നടപടികൾക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (VACB) ശുപാർശ ചെയ്ത 6 പേരുടെ പേരിലാണ് അന്വേഷണം നടക്കുന്നത്. രണ്ടുപേർ റിട്ടയർ ചെയ്തു. നാല് ഉദ്യോഗസ്ഥരെ മറ്റ് ഓഫീസുകളിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. അച്ചടക്കനടപടികൾ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ